# പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത് :-

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ **2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31** കൂടിയുള്ള കാലയളവിൽ വഴിപാടുകാർക്കു വേണ്ടി കതിനാവെടി നടത്തുന്നതിനുള്ള അവകാശം **2018 മാർച്ച് മാസം 05-ാം തിയ്യതി ഉച്ചക്ക് 12.30മണിക്ക്** ശ്രീദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ പേർ ഒന്നുക്ക് 2,00,000/-(രണ്ടുലക്ഷം മാത്രം)കയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അഡ്വാൻസ് ആയി കെട്ടിവെക്കേണ്ടതും അഡ്വാൻസ് കെട്ടിവെക്കാത്തവരെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു. സീൽ വെച്ച ടെണ്ടറുകൾ നേരിട്ടോ തപാൽ മുഖേനയോ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ, തിരുവഞ്ചിക്കുളം ഗ്രൂപ്പ്, കൊടുങ്ങല്ലൂർ എന്ന വിലാസത്തിൽ **2018 മാർച്ച് മാസം 05-ാം തിയ്യതി** പകൽ 11 മണിക്കു മുമ്പായി 2,00,000/-(രണ്ടുലക്ഷം മാത്രം)കയുടെ സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം കൊടുങ്ങല്ലൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്സിൽ സമർപ്പിക്കാവുന്നതാണ്. ടെണ്ടർ അടക്കം ചെയ്ത കവറിനു മുകളിൽ **"ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ വെടിവഴിപാട് ലേലം"** എന്ന് എഴുതിയിരിക്കേണ്ടതാണ്. ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടനെ പൊട്ടിക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ സംഖ്യ ഏതെന്നുവെച്ചാൽ ടിയാന്റെ പേരിൽ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. താൽക്കാലികമായി സ്ഥിരപ്പെടുത്തുന്ന ആളുടെ പേര് വിവരം ബഹു. ദേവസ്വം ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതും ബഹു.ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം മാത്രം ലേലം പൂർണ്ണമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE-3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE-2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിന് ആവശ്യമായ Quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കാത്തവരെ ആരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. അഹിന്ദുക്കളെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം സ്ഥിരപ്പെടുത്തി കല്പന വന്നാൽ ലേലക്കാരെ വിവരം അറിയിക്കുന്നതും അപ്രകാരം അറിവുകിട്ടി മൂന്ന് ദിവസത്തിനകം ലേലസംഖ്യയുടെ പകുതിഭാഗം ശ്രീദേവസ്വം ഓഫീസ്സിൽ അടയ്ക്കേണ്ടതുമാകുന്നു. ലേലം ആരുടെ പേരിൽ ഉറപ്പിച്ചുവോ ആ ആളിന്റെ ഒഴികെ ബാക്കിയുള്ളവരുടെ ഡിമാന്റ് ഡ്രാഫ്റ്റ് ലേലാവസാനം തിരിച്ചു കൊടുക്കുന്നതും ലേലക്കാരൻ കെട്ടിവെച്ച സംഖ്യ ഏല്പനകാലമായ **2019 മാർച്ച് 31** ന് ശേഷം ടിയാന്റെ പേരിൽ ചുമതലകൾ ഒന്നുംതന്നെയില്ലെന്ന് നിശ്ചയിച്ച ശേഷം മാത്രം തിരികെ കൊടുക്കുന്നതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തി വന്നതിനുശേഷം ലേലക്കാരൻ തന്റെ സ്വന്തം ചെലവിൽ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്നതരത്തിൽ ഒരു കച്ചീട്ട് എഴുതി തരേണ്ടതും ദേവസ്വം നിശ്ചയിക്കുന്ന ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാകുന്നു. കച്ചീട്ടും ബാങ്ക് ഗ്യാരണ്ടിയും വെച്ച ശേഷം മാത്രമേ ലേലക്കാരനെ വെടിവഴിപാട് നടത്തുവാൻ അനുവദിക്കുകയുള്ളു.

ലേലക്കാരൻ വഴിപാടുകാരിൽ നിന്ന് വെടി 1 ക്ക്. 15/-ക. പ്രകാരം വസൂൽ ചെയ്ത് വഴിപാട് നടത്തിക്കൊടുക്കേണ്ടതാണ്. പതിവായി വെളുപ്പാൻകാലത്ത് 3 മണിക്ക് (3 മണി നിയമവെടി), പന്തീരടി, ഉച്ചപൂജ, ഉച്ചകഴിഞ്ഞ് നടതുറക്കൽ, ദീപാരാധന, അത്താ

ഴപൂജ എന്നിവയ്ക്ക് 3 വെടി വീതവും ആണ്ട് വിശേഷങ്ങൾക്ക് കീഴ്വഴക്കം പതിവുപ്രകാരവും വെടി നടത്തേണ്ടതാകുന്നു. താലപ്പൊലികാലത്ത് വിശേഷാൽ വെടികളുള്ളതിനാൽ വഴിപാടുകാരിൽ നിന്നും സംഖ്യ വാങ്ങിച്ച് ദീപാരാധന സമയത്തു മാത്രമേ വെടി നടത്തുവാൻ പാടുള്ളു. കോഴിക്കല്ല് മൂടുന്നതു മുതൽ അശ്വതിക്കാവു തീണ്ടുന്നതുവരെയുള്ള ദിവസങ്ങളിൽ വെടിവഴിപാടുകൾ നടതുറപ്പു ദിവസം നടത്തേണ്ടതാകുന്നു. മേൽനിശ്ചയ പ്രകാരം ലേലക്കാരൻ എന്തെങ്കിലും ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബലപ്പെടുത്തുകയോ അവസ്ഥാനുസരണം പിഴയിടുകയോ ചെയ്യുന്നതിന് ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. മേൽപ്രകാരം  ലേലക്കാരൻ നടത്താതിരുന്നാൽ ദേവസ്വത്തിൽ അടച്ച സംഖ്യ പിഴയായി മുതൽകൂട്ടി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം വിളിക്കുകയും മറ്റ് യുക്തമെന്നു തോന്നുന്ന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നോ ടിയാന്റെ സ്വത്തുക്കളിൽ നിന്നോ വസൂൽ ചെയ്യുന്നതുമാകുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതായി ഇൻഷുറൻസ് മറ്റു സുരക്ഷാ നടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ശ്രീദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ലേലക്കാരൻ വെടിവെക്കുന്നതിനാവശ്യമായ വെടിമരുന്ന് ക്ഷേത്രമതിൽക്കകത്ത് ക്ഷേത്രത്തിന് തെക്കു കിഴക്കുഭാഗത്ത് ദേവസ്വത്തിൽ നിന്നും പണികഴിപ്പിച്ചിട്ടുള്ള മാഹസനിൽ സൂക്ഷിക്കേണ്ടതും, വെടിക്കുള്ള ടിക്കറ്റ് വെടിപ്പുരക്ക് സമീപത്തുവെച്ച് മാത്രം വില്പന നടത്തേണ്ടതുമാണ്. മേൽപ്രകാരം അല്ലാത്ത മറ്റു സ്ഥലങ്ങളിൽ വെച്ച് ടിക്കറ്റ് കൊടുക്കുവാൻ പാടില്ലാത്തതും ക്യാൻവാസ് ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു. വെടിപ്പുരയുടെ കറന്റ് ചാർജ്ജായി പ്രതിമാസം 150 ക. വീതം വെടിലേല സംഖ്യ അടയ്ക്കുന്നതോടൊപ്പം തന്നെ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

ലേലക്കാരൻ ലേലസംഖ്യയുടെ പകുതി സംഖ്യ അടച്ചതു കഴിച്ച് ബാക്കി സംഖ്യ ആറ് തവണകളായി (2018 ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, 2019-ഫെബ്രുവരി) അതാത് മാസം 10-ാം തിയ്യതിക്കു മുമ്പായി ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ഏതെങ്കിലും തവണ സംഖ്യ അടയ്ക്കാതെ വന്നാൽ ക്രമപ്രകാരം 20% പലിശ സഹിതം അടയ്ക്കേണ്ടതുമാകുന്നു. 3 തവണയിൽ കൂടുതൽ കുടിശ്ശിക വരുന്ന പക്ഷം ലേലം ദുർബലപ്പെടുത്തി ഈ അവകാശം ആദ്യലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം ചെയ്യുന്നതുമാകുന്നു.

ലേലക്കാരൻ ക്ഷേത്രാചാരങ്ങൾക്കു വിരുദ്ധമായി പെരുമാറുവാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിനു വരുന്നവരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടവരുത്താതേയും പെരുമാറേണ്ടതുമാണ്. ലേലം വേണ്ടെന്നുവെക്കുന്നതിനോ യുക്തമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുന്നതിനോ താഴെ പറയുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെപറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ ശ്രീ ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**ഒപ്പ്**

**സ്പെഷ്യൽ ദേവസ്വം കമ്മീഷണർ**

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 20/02/2018